## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3980** — **24-08-2017 ലെ മറുപടി**

### ജലവിഭവ വകുപ്പിന്റെ ചിറ്റൂർ നിയോജക മണ്ഡലത്തിലെ പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.കൃഷ്ണൻകുട്ടി | | മാത്യു.ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | 2017-2018 ബഡ്ജറ്റിൽ പ്രഖ്യാപിച്ചതും ഹരിതകേരളം മിഷനിൽ ഉൾപ്പെടുത്തിയതുമായ വെങ്കലകയം, കന്നംപിടരി, കമ്പാലത്തറ എന്നീ ഏരികളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ വിശദീകരിക്കുമോ; | (എ) | പദ്ധതി വിഭാഗം 1 ന്റെ കീഴിലുള്ള ചിറ്റൂർ ഇറിഗേഷൻ ഡിവിഷന്റെ പരിധിയിൽപ്പെടുന്ന വെങ്കലക്കയം, കന്നംപിടാരി, കമ്പാലത്തറ എന്നീ ഏരികളുടെ പുനരുദ്ധാരണ പ്രവൃത്തികൾക്കായി ഹരിതകേരളമിഷനിൽ ഉൾപ്പെടുത്തി ഫണ്ട് അനുവദിച്ചിട്ടുള്ളത് (4702-00-101-64)-മൈനർ ഇറിഗേഷന്റെ ഹെഡ് ഓഫ് അക്കൗണ്ടിലാണ്. പ്രസ്തുത ഏരികളുടെ പ്രവൃത്തികൾ നിർവ്വഹിക്കേണ്ടത് ഇറിഗേഷൻ ഡിവിഷൻ, ചിറ്റൂർ ആയതിനാൽ ഹെഡ് ഓഫ് അക്കൗണ്ട് ചീഫ് എഞ്ചിനീയർ, പ്രോജക്ട് 1-ന് കീഴിലേയ്ക്ക് മാറ്റി അനുവദിക്കേണ്ടതുണ്ട്. |
| (ബി) | 2017-2018 ബഡ്ജറ്റിൽ പ്രഖ്യാപിച്ച കിഫ്ബിയിലൂടെ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന റെഗുലേറ്ററുകളിൽ ചിറ്റൂർ പുഴയ്ക്ക് കുറുകെ നല്ലേപ്പിള്ളി പഞ്ചായത്തിൽ വളവുപാലത്ത് നിർമ്മിക്കുന്ന റെഗുലേറ്ററിന്റെയും പെരുവമ്പ് പഞ്ചായത്തിൽ പാലത്തുള്ളി വടകരപ്പള്ളിയിൽ നിർമ്മിക്കുന്ന റെഗുലേറ്ററിന്റെയും നിർമ്മാണ പുരോഗതി വിശദീകരിക്കുമോ? | (ബി) | 2017-18 ബഡ്ജറ്റിൽ പ്രഖ്യാപിച്ച കിഫ്ബിയുടെ ധനസഹായത്തോടെ നിർമ്മിക്കാനുദ്ദേശിക്കുന്ന റെഗുലേറ്ററുകളിൽ ചിറ്റൂർ പുഴയ്ക്ക് കുറുകെ നല്ലേപ്പിള്ളി പഞ്ചായത്തിൽ വളവു പാലത്തെ റെഗുലേറ്ററിന്റെയും പെരുവമ്പ് പഞ്ചായത്തിൽ പാലത്തുള്ളി വടകര പള്ളിയിലെ റെഗുലേറ്ററിന്റെയും നിർമ്മാണവുമായി ബന്ധപ്പെട്ട പര്യവേഷണ പ്രവൃത്തികൾ പൂർത്തിയാക്കി ഡിസൈൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ